കുണ്ടാംകടവ് പാലത്തിന്റെ നിർമ്മാണം

66 (1376) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുണ്ടാംകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പാലം നിർമ്മാണം 24 മാസത്തിനുള്ളിൽ പൂർത്തിയാക്കും വിധം നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു.

പനംപുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

67 (1377) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പനംപുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഇപ്പോൾ ഏതെങ്കിലും രീതിയിലുള്ള സാങ്കേതിക തടസ്സങ്ങളുണ്ടോ ;

(ബി) ഈ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി പ്രസ്തുത പാലം പൊതുജനങ്ങൾക്ക് ഗതാഗതത്തിനായി തുറന്ന് കൊടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്ത് പാലം എത്രയും വേഗം തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടുങ്ങല്ലൂർ പാലം നിർമ്മിക്കുവാൻ നടപടി

68 (1378) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരീക്കോട്-കോഴിക്കോട് റോഡിലെ കടുങ്ങല്ലൂർ പാലം അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) അടിയന്തിരമായി പദ്ധതികളിൽ ഉൾപ്പെടുത്തി പാലത്തിന്റെ നിർമ്മാണം തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പാലത്തിന്റെ നിർമ്മാണം എത്രയും വേഗം തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മാള-നെയ്ത്തുക്കുടി പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം

69 (1379) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻചിറ-മാള പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെയ്ത്തുക്കുടി പാലം നിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ എത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) മാള-നെയ്ത്തുക്കുടി പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം ഈ വർഷം നടത്തുവാൻ കഴിയുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി പാലം പണി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പാലാങ്കടവ് പാലം നിർമ്മിക്കുന്നതിന് നടപടി

70 (1380) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ തലയോലപ്പറമ്പ് മറവന്തുരുത്ത് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലാങ്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിട്ടും ടെണ്ടർ ക്ഷണിച്ച് പണി തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്നറിയിക്കുമോ ;

(ഡി) ഇതിന്റെ പണി എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തീകരിക്കാൻ ആകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡ് സഹായം ലഭിച്ച ഈ പാലത്തിന്റെ നിർമ്മാണത്തിനു വേണ്ടി ഫൈനൽ ഡിസൈൻ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly